# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6386** **08-07-2014 ന് മറുപടിയ്ക്ക്**

## വനഭൂമിയിൽ വെറ്ററിനറി സർവ്വകലാശാല നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | വെറ്ററിനറി സർവ്വകലാശാല ഇൻഡോർ സ്റ്റേഡിയത്തിനും ഹെലിപ്പാഡിനും മറ്റുമായി വനഭൂമിയിൽ നടത്തി വന്ന നിർമ്മാണപ്രവർത്തനങ്ങളിൽ വനം വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പൂക്കോട് മലവാരത്തിൽ ഉൾപ്പെടുന്നതും ഇപ്പോൾ നിർമ്മാണം നടന്നുവരുന്നതുമായ വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽ ഇനി യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്തുവാൻ പാടില്ലായെന്ന് സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 19-08-2013-ൽ പ്രസ്തുത യൂണിവേഴ്സിറ്റി രജിസ്ട്രാറോട് നിർദ്ദേശിച്ചിരുന്നു. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ആദിവാസികളുടെ പുനരധിവാസ ഉന്നമനത്തി നായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുവദിച്ച ഭൂമിയിൽ വനസംരക്ഷണ നിയമത്തിനു വിരുദ്ധമായി വെറ്ററിനറി സർവ്വകലാശാല നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു എന്നാരോപിച്ച് വൺ എർത്ത് വൺ ലൈഫ് ലീഗൽ സെൽ ഡയറക്ടർ ശ്രീ. ടോണി തോമസ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം മുൻപാകെ സമർപ്പിച്ച നിവേദനത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് |
| (സി) | പ്രസതുത നിർമ്മാണത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം, സുപ്രീം കോടതി എന്നിവയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; | (സി) | അനുമതി ലഭിച്ചിട്ടില്ല |
| (ഡി) | ഇപ്പോൾ എന്തടിസ്ഥാനത്തിലാണ് ഈ വനഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | 01-10-2013-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് |

കൺസർവേറ്റർ, അഗ്രികൾച്ചറൽ
പ്രൊഡക്ഷൻ കമ്മീഷണർ, സെക്രട്ടറി
(അനിമൽ ഹസ്ബന്ററി ഡയറിംഗ്),
സെക്രട്ടറി, ട്രൈബൽ വെൽഫെയർ
എന്നിവരുടെ സാന്നിദ്ധ്യത്തിൽ കൂടിയ
യോഗത്തിൽ ഭൂരഹിതരായ
ആദിവാസികളുടെ പുനരധിവാസത്തിനായി
40.47 ഹെക്ടർ വനേതര ഭൂമി റവന്യൂ വകുപ്പ്
നൽകണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി
പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നടത്തുവാൻ
തീരുമാനം എടുത്തു.

സെക്ഷൻ ഓഫീസർ